# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4501

## 18-05-2017 ൽ മറുപടിക്ക്

## കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ചിട്ടുള്ള പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ. എ.എം. ആരിഫ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളിൽ എത്ര രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്കാണ് കിഫ്ബി അനുമതി നൽകുന്നത്; | ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം 100 കോടി രൂപയിൽ കവിയുന്ന മൂല്യമുള്ള പദ്ധതികളാണ് കിഫ് ബോർഡിന്റെ പരിഗണനക്കായി കിഫ്ബിയിൽ സമർപ്പിക്കേണ്ടത്. മൂല്യം കണക്കാക്കുന്നതിലേക്കായി പത്തു കോടി രൂപയിൽ കുറയാത്ത പദ്ധതികൾ ട്രാഞ്ചസ് ആയി തരംതിരിക്കാവുന്നതും അവയിലോരോന്നും നൂറു കോടി രൂപയിൽ കവിയുന്ന മൂല്യമുള്ളതും ആയിരിക്കേണ്ടതാണ്. ഇത്തരം പദ്ധതി നിർദ്ദേശങ്ങൾ 08.08.2016 ലെ സ.ഉ. (കൈ) നം. 315/16/ധന ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരമുള്ള പദ്ധതി വിശദാംശങ്ങളോടൊപ്പം കിഫ്ബിയിൽ സമർപ്പിക്കുന്ന പക്ഷം കിഫ്ബിയിലെ പ്രോജക്ട് അവലോകന വിഭാഗത്തിന്റെ സൂക്ഷ്മ പരിശോധനക്കു ശേഷം കിഫ് ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്. |
| (ബി) 20 കോടി രൂപ അനുവദിച്ചതായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതിയിൽ ഡി.പി.ആർ. പ്രകാരം വ്യത്യാസം വന്നാൽ അത്തരം പ്രവർത്തികൾക്ക് അനുമതി നൽകുമോ; | ചോദ്യം (എ) യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ 20 കോടി രൂപ മൂല്യമുള്ള ട്രാഞ്ചസ് ആയി തരംതിരിക്കപ്പെട്ട പദ്ധതിയുടെ ഡി.പി.ആർ പ്രകാരമുള്ള മൂല്യം പത്തു കോടി രൂപയിൽ കുറയാത്തതാണെങ്കിൽ അത്തരം പദ്ധതികൾ ട്രാഞ്ചസ് ആക്കപ്പെട്ട 100 കോടി രൂപയിൽ കവിയുന്ന മൂല്യമുള്ള പദ്ധതികളോടൊപ്പം അവലോകനം നടത്തിയശേഷം കിഫ് ബോർഡിന്റെ പരിഗണനക്കായി സമർപ്പിക്കുന്നതാണ്. ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം |

| | |
|---|---|
| | പത്തു കോടി രൂപയിൽ കുറഞ്ഞ മൂല്യമുള്ള ട്രാഞ്ചസ് ആയി തരംതിരിക്കപ്പെട്ട പദ്ധതികൾ കിഫ് ബോർഡ് പരിഗണിക്കുന്നതല്ല. എന്നാൽ ആരോഗ്യം, വിദ്യാഭ്യാസം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം എന്നീ മേഖലകളിലെ പദ്ധതികളിലെ കുറഞ്ഞ മൂല്യമുള്ള യൂണിറ്റുകളെ ഏകോപിപ്പിച്ച് 10 കോടി രൂപ മൂല്യത്തിൽ കുറയാത്ത ട്രാഞ്ചസ് ആയും പരിഗണിക്കുന്നതാണ്. |
| (സി) പ്രഖ്യാപിച്ച പദ്ധതിയോടൊപ്പം സമാന സ്വഭാവമുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തി നിശ്ചിത തുകയുള്ള പദ്ധതികൾ സമർപ്പിച്ചാൽ പരിഗണിക്കുമോ? | 08.08.2016 ലെ സ.ഉ. (കൈ) നം. 315/16/ധന ഉത്തരവു പ്രകാരം വാർഷിക ബഡ്ജറ്റിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ളതോ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതോ ആയ പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കി വരുന്നത്. പ്രഖ്യാപിച്ച പദ്ധതിയോടൊപ്പം സമാന സ്വഭാവമുള്ളതോ മറ്റേതെങ്കിലും പ്രവൃത്തിയോ കിഫ്ബി മുഖേന നടപ്പിലാക്കേണ്ടതുണ്ടെങ്കിൽ അത്തരം പ്രവൃത്തികൾ ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരത്തോടു കൂടി മന്ത്രിസഭാ യോഗം പരിഗണിക്കേണ്ടതും മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരമുള്ള പദ്ധതി വിശദാംശങ്ങളുൾപ്പെടെ ബോർഡിന്റെ പരിഗണനക്കായി കിഫ്ബിയിൽ ബന്ധപ്പെട്ട ഭരണ വകുപ്പ് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ടി. സമാന സ്വഭാവമുള്ള പ്രവർത്തികൾ 100 കോടി രൂപ മൂല്യത്തിൽ കുറയാത്ത ഏതെങ്കിലും കിഫ്ബി പദ്ധതിയുടെ ഭാഗമായിരിക്കണം. |

**സെക്ഷൻ ഓഫീസർ**